**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 389** **05-10-2021 - ൽ മറുപടിയ്ക്ക്**

**പ്രളയ സെസ്സിലൂടെ ലഭിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയ സെസ്സിലൂടെ ലഭിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (എ) | 2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും അനുഭവപ്പെട്ട അഭൂതപൂർവ്വമായ വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും ശേഷം, റീബിൽഡ് കേരള ഇനീഷ്യേറ്റീവിന് കീഴിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ഭാഗമായി മൂലധന നിക്ഷേപ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളുടെ ചട്ടക്കൂട് 12.10.2018-ലെ ജി.ഒ.(പി) നമ്പർ 161/2018/ധന. ഉത്തരവ് പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പുനർനിർമ്മാണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളിലൊന്നായിരുന്നു ജി.എസ്.ടി.-യിലെ സെസ്സ്. കേരള പ്രളയ സെസ്സ് ഉൾപ്പെടെയുള്ള എല്ലാ ഫണ്ടുകളും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് വന്നു ചേരുന്നത്. സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ വന്നു ചേരുന്ന ഫണ്ടുകൾ നേരിട്ട് വിനിയോഗിക്കാൻ കഴിയില്ല. ഒരു പ്രത്യേക പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഫങ്ഷണൽ എക്സ്പെൻഡിച്ചർ ഹെഡിലേക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകിക്കൊണ്ടാണ് ഇത് വിനിയോഗിക്കുന്നത്. ഭൗതിക നിർമ്മിതികളുടെ പുനർനിർമ്മാണത്തിന്റെയും പുനരുദ്ധാരണത്തിന്റേയും ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക്, കേരള പ്രളയ സെസ്സ് ഉൾപ്പടെ വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും സമാഹരിച്ച വരുമാനത്തിൽ നിന്നും ആവശ്യമായ ബഡ്ജറ്റ് വിഹിതം റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ബഡ്ജറ്റ് ശീർഷകത്തിലാണ് വകയിരുത്തുന്നത്. പ്രവർത്തികളുടെ പുരോഗതിക്കനുസരിച്ചാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ